ലേഖനം

ശൈഖ് മുഹമ്മദ് കാരകുന്ന്

# ബഹുസ്വരസമൂഹത്തിൽ ഇസ്‌ലാമിന്റെ രാഷ്ട്രീയ പ്രതിനിധാനം

മതപരമായ വിശ്വാസ, ആരാധനാ, ആചാര, അനുഷ്ഠാന കാര്യങ്ങളിൽ ഇസ്‌ലാമിക രാഷ്ട്രമോ ഭരണകൂടമോ ഇടപെടുകയില്ല. അതുകൊണ്ടുതന്നെ അതിനെ മതരാഷ്ട്രമെന്ന് വിശേഷിപ്പിക്കുന്നത് തെറ്റാണ്. ഇസ്‌ലാമിൽ പൗരോഹിത്യമില്ലാത്തതിനാൽ ഇസ്‌ലാമിക ഭരണം പുരോഹിത ഭരണവുമല്ല. ഇസ്‌ലാമിക രാഷ്ട്രം പോലും മതപരമായ കാര്യങ്ങളിൽ ഇടപെടില്ലെന്നിരിക്കെ ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിന്റെ രാഷ്ട്രീയ പ്രതിനിധാനം മതപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനോ അവയിലിടപെടാനോ ആവുകയില്ലെന്നും അകാവതല്ലെന്നും ഉറപ്പ്.

**നമ്മുടേതുപോലുള്ള** ഒരു ജനാധിപത്യസംവിധാനം നിലനിൽക്കുന്ന ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിന്റെ രാഷ്ട്രീയ പ്രതിനിധാനം എങ്ങനെയായിരിക്കണം? ഇതിന് ലിഖിതമായ രേഖകളോ ഖണ്ഡിതമായ പൂർവകാല മാതൃകകളോ കാണുക സാധ്യമല്ല. അതോടൊപ്പം രാഷ്ട്രീയ ഇടപെടലുകളിൽനിന്ന് ഇസ്‌ലാമിക സമൂഹത്തിനു വിട്ടുനിൽക്കാനാവില്ല. അതുകൊണ്ടുതന്നെ ധാരാളം ചർച്ചകളും പഠനങ്ങളും നടക്കേണ്ട മേഖലയാണിത്.

ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും ഇസ്‌ലാമിന്റെ രാഷ്ട്രീയ ഇടപെടലുകൾ ഇതര ജനവിഭാഗങ്ങളുടെ മത വിശ്വാസത്തെയോ ആരാധനകളെയോ ആചാരാനുഷ്ഠാനങ്ങളെയോ ജീവിതരീതികളെയോ ഒരുനിലക്കും പ്രതികൂലമായി ബാധിക്കാൻ പാടില്ല. എന്നല്ല, അവർക്ക് അത്തരം മേഖലകളിൽ മറ്റേതൊരു വിഭാഗത്തിന്റെ ഇടപെടലുകളെക്കാളുമേറെ ഇസ്‌ലാമിക സമൂഹത്തിന്റെ സാന്നിധ്യം സ്വാതന്ത്ര്യവും സുരക്ഷയും ഉറപ്പുവരുത്തേണ്ടതുണ്ട്. കാരണം ഇസ്‌ലാമിക വീക്ഷണത്തിൽ ദൈവനിശ്ചിതമായ പ്രകൃതിനിയമം ബഹുമതപരതയാണ്. അല്ലാഹു പറയുന്നു: “നിന്റെ നാഥൻ ഇഛിച്ചിരുന്നുവെങ്കിൽ അവൻ മുഴുവൻ മനുഷ്യരെയും ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ അവർ ഭിന്നിച്ചുകൊണ്ടേയിരിക്കും” (ഖുർആൻ 11:118).

“നിന്റെ നാഥൻ ഇഛിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരൊക്കെയും സത്യവിശ്വാസം സ്വീകരിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ?” (10:99). “നിങ്ങളിൽ ഓരോ വിഭാഗത്തിനും നാം ഓരോ നിയമ വ്യവസ്ഥയും കർമരീതിയും നിശ്ചയിച്ചു തന്നിട്ടുണ്ട്. അല്ലാഹു ഇഛിച്ചിരുന്നുവെങ്കിൽ നിങ്ങളെ ഒന്നാകെ ഒരൊറ്റ സമുദായമാക്കുമായിരുന്നു. അങ്ങനെ ചെയ്യാത്തത് നിങ്ങൾക്ക് അവൻ നൽകിയതിൽ നിങ്ങളെ പരീക്ഷിക്കാനാണ്” (5:48).

വിശ്വാസ, ആരാധനാ, ആചാര, അനുഷ്ഠാന സ്വാതന്ത്ര്യം ഓരോ മനുഷ്യന്റെയും മൗലികാവകാശമാണ്. അതിലിടപെടാനോ രാഷ്ട്രീയമോ ഭരണപരമോ സാമ്പത്തികമോ മറ്റോ ആയ സമ്മർദം ചെലുത്താനോ ആർക്കും അവകാശമില്ല.

“മതകാര്യത്തിൽ ഒരുവിധ നിർബന്ധവും അരുത്. നന്മതിന്മകളുടെ വഴികൾ വ്യക്തമായും വേർതിരിഞ്ഞു കഴിഞ്ഞിരിക്കുന്നു” (2:256).

“പറയുക: ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാണ്. ഇഷ്ടമുള്ളവർക്ക് വിശ്വസിക്കാം. ഇഷ്ടമുള്ളവർക്ക് അവിശ്വസിക്കാം” (18:29).

### പ്രായോഗികരംഗത്ത്

പ്രവാചകൻ മദീനയിൽ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കുമ്പോൾ അവിടെ മുസ്‌ലിംകൾ ന്യൂനപക്ഷമായിരുന്നു. ആ രാഷ്ട്രത്തിന്റെ ഭരണഘടനയെന്ന നിലയിൽ രേഖപ്പെടുത്തിയ പ്രമാണങ്ങളിൽ ജൂതന്മാരും ക്രിസ്ത്യാനികളും ബഹുദൈവാരാ

ധകരും മുസ്‌ലിംകളും ഉൾപ്പെടുന്ന സമൂഹത്തെ സംബന്ധിച്ച ആദ്യവാചകത്തിൽ തന്നെ വിശേഷിപ്പിച്ചത് "നാം ഒരൊറ്റ സമുദായമാണ്" എന്നാണ്. നാലു നൂറ്റാണ്ടു കാലം മുസ്‌ലിംകൾ ഭരിച്ചിട്ടും ഇറാൻ, ഇറാഖ്, ഫലസ്തീൻ, ഈജിപ്ത്, ലബനാൻ തുടങ്ങിയ നാടുകളിലെല്ലാം മുസ്‌ലിംകൾ ന്യൂനപക്ഷമായിരുന്നു. എണ്ണൂറു വർഷത്തെ മുസ്‌ലിം ഭരണത്തിനു ശേഷം 1707 മാർച്ച് 3-ന് ഇന്ത്യയിലെ അവസാനത്തെ പ്രഗത്ഭ മുസ്‌ലിം ഭരണാധികാരി മരിക്കുമ്പോൾ ഇവിടത്തെ മുസ്‌ലിം ജനസംഖ്യ ഒരു ശതമാനം മാത്രമായിരുന്നുവെന്ന എഫ്. ബർണിയർ Travels in Mugal Empire എന്ന കൃതിയിൽ രേഖപ്പെടുത്തുന്നു (ഉദ്ധരണം: എം.എൻ ശ്രീവാസ്തവ '*ഇന്ത്യാചരിത്രം*' പുറം: 1). നീണ്ട പതിനാലു നൂറ്റാണ്ടുകാലത്തെ മുസ്‌ലിം ഭരണത്തിനു ശേഷം ഇപ്പോഴും ഈജിപ്തിൽ ഒമ്പതു ശതമാനം ക്രിസ്ത്യാനികളാണ്. അവിടെ അഞ്ഞൂറിലേറെ കോപ്റ്റിക് ചർച്ചുകളുണ്ട്. പതിനാലു നൂറ്റാണ്ടു കാലത്തെ മുസ്‌ലിം ഭരണത്തിനുശേഷം ഇപ്പോഴും ഒരു ക്രൈസ്തവ വിഭാഗത്തിന്റെ ആസ്ഥാനം ഇറാഖായി തുടരുന്നു. ലബനാനിൽ ഇപ്പോഴും നാൽപതു ശതമാനത്തിലേറെ ക്രിസ്ത്യാനികളാണെന്നുമാത്രമല്ല; നിലവിലെ അവിടത്തെ പ്രസിഡന്റ് പോലും മുസ്‌ലിമല്ല. ഇതര മുസ്‌ലിം നാടുകളുടെ സ്ഥിതിയും ഇതുപോലെത്തന്നെ.

ലോക മഹാത്ഭുതങ്ങളിലൊന്ന് ഈജിപ്തിലെ പിരമിഡുകളാണ്. ഇസ്‌ലാമിന്റെ കാഴ്ചപ്പാടിലവ ശവകുടീരങ്ങളാണ്. അതും ബഹുദൈവവിശ്വാസികളും ഏകാധിപതികളുമായ ഫറോവമാരുടെ. എന്നിട്ടും ഉമറുൽ ഫാറൂഖിന്റെ കാലം മുതൽ അതിന് ഒരു പോറലും പറ്റാൻ ഒരൊറ്റ മുസ്‌ലിം ഭരണാധികാരിയും അനുവദിച്ചില്ല. എന്നല്ല, അവയെ ഭദ്രമായി സംരക്ഷിക്കുകയും ചെയ്തു. ഇതര സംസ്കാര-നാഗരിക ചിഹ്നങ്ങളോടുള്ള ഇസ്‌ലാമിന്റെ സമീപനത്തിന്റെ മികച്ച സാക്ഷ്യമാണിത്. അപവാദമായുള്ളത് അഫ്ഗാനിലെ ബുദ്ധ വിഗ്രഹങ്ങൾ താലിബാൻകാർ തകർത്തതാണ്. അത് മറ്റൊരു വസ്തുത നമ്മെ ബോധ്യപ്പെടുത്തുന്നു. ഹിജ്റ 32-ാം വർഷം മുതൽ ബുദ്ധവിഗ്രഹങ്ങൾ പതിനാലു നൂറ്റാണ്ടുകളോളം ഭദ്രമായി സംരക്ഷിക്കപ്പെട്ടിരുന്നുവെന്നതാണത്. അമേരിക്കയോടും ഐക്യരാഷ്ട്രസഭയോടുമുള്ള വിരോധത്തിന്റെ പേരിൽ താലിബാൻകാർ അവ

ലോക മഹാത്ഭുതങ്ങളിലൊന്ന് ഈജിപ്തിലെ പിരമിഡുകളാണ്. ഇസ്‌ലാമിന്റെ കാഴ്ചപ്പാടിലവ ശവകുടീരങ്ങളാണ്. അതും ബഹുദൈവവിശ്വാസികളും ഏകാധിപതികളുമായ ഫറോവമാരുടെ. എന്നിട്ടും ഉമറുൽ ഫാറൂഖിന്റെ കാലം മുതൽ അതിന് ഒരു പോറലും പറ്റാൻ ഒരൊറ്റ മുസ്‌ലിം ഭരണാധികാരിയും അനുവദിച്ചില്ല. എന്നല്ല, അവയെ ഭദ്രമായി സംരക്ഷിക്കുകയും ചെയ്തു.

നശിപ്പിച്ചത് തീർത്തും അവിവേകമാണെന്നാണ് മുസ്‌ലിം പൊതുസമൂഹത്തിന്റെ കാഴ്ചപ്പാട്.

മതപരമായ വിശ്വാസ, ആരാധനാ, ആചാര, അനുഷ്ഠാന കാര്യങ്ങളിൽ ഇസ്‌ലാമിക രാഷ്ട്രമോ ഭരണകൂടമോ ഇടപെടുകയില്ല. അതുകൊണ്ടുതന്നെ അതിനെ മതരാഷ്ട്രമെന്ന് വിശേഷിപ്പിക്കുന്നത് തെറ്റാണ്. ഇസ്‌ലാമിൽ പൗരോഹിത്യമില്ലാത്തതിനാൽ ഇസ്‌ലാമിക ഭരണം പുരോഹിത ഭരണവുമല്ല. ഇസ്‌ലാമിക രാഷ്ട്രം പോലും മതപരമായ കാര്യങ്ങളിൽ ഇടപെടില്ലെന്നിരിക്കെ ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിന്റെ രാഷ്ട്രീയ പ്രതിനിധാനം മതപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനോ അവയിലിടപെടാനോ ആവുകയില്ലെന്നും അകാവതല്ലെന്നും ഉറപ്പ്.

## സാമൂഹിക നീതിയും ജനക്ഷേമവും

പ്രവാചകനെ കഴിച്ചാൽ മനുഷ്യചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയനായ ഭരണാധികാരി രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖാണ്. അദ്ദേഹത്തിന്റെ മഹത്വത്തിന്റെയും ഔന്നത്യത്തിന്റെയും അടിസ്ഥാനം സാമൂഹിക നീതിക്കും ജനക്ഷേമത്തിനും വേണ്ടി നിലകൊണ്ടുവെന്നതാണ്. ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്ന നീതിയുടെ ശക്തനായ വക്താവും പ്രയോക്താവുമായിരുന്നു ഉമറുൽ ഫാറൂഖ്. അത് ശത്രു-മിത്ര, വർഗ, വർണ, ജാതി, ദേശ, ഭാഷാ ഭേദങ്ങൾക്കതീതമാണല്ലോ. ഖുർആൻ കൽപിക്കുന്നു: "വിശ്വസിച്ചവരേ, നിങ്ങൾ നീതി നടത്തി അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിച്ചവരാവുക. അത് നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനോ ദരിദ്രനോ എന്നു നോക്കേണ്ടതില്ല. ഇരുകൂട്ടരോടും കൂടുതൽ അടുപ്പമുള്ളവൻ അല്ലാഹുവാണ്" (4:135).

"വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നേരാംവിധം നിലകൊള്ളുന്നവരാവുക; നീതിക്കു സാക്ഷ്യം വഹിക്കുന്നവരും. ഒരു ജനതയോടുള്ള വിരോധം നീതി നടത്താതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുക. അതാണ് ദൈവഭക്തിക്ക് ഏറ്റം അനുയോജ്യം" (5:8).

ഇസ്‌ലാം മുന്നോട്ടുവെച്ച കണിശമായ ഈ നീതി നടപ്പാക്കുന്നതിൽ ഉമറുൽ ഫാറൂഖ് പൂർണമായും വിജയിച്ചു. ഈജിപ്തിലെ ഗവർണർ അംറുബ്നു ആസിന്റെ മകൻ ഒരു കോപ്റ്റ് ക്രിസ്ത്യാനിയെ അടിച്ചപ്പോൾ അദ്ദേഹം പ്രതിക്രിയ നടപ്പാക്കി. പള്ളി വിപുലീകരിക്കാനായി ഒരു അമുസ്‌ലിം സ്ത്രീയുടെ വീട് പൊളിച്ചു മാറ്റിയ ഗവർണറുടെ നടപടി തെറ്റാണെന്ന് വിധിക്കുകയും വീട് പുനർ നിർമിക്കാൻ ഉത്തരവിടുകയും ചെയ്തു. ഇങ്ങനെ രാജ്യത്തെ മുഴുവൻ പൗരന്മാർക്കും നീതി ലഭ്യമായി. എല്ലാവരുടെയും പ്രാഥമികാവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നുണ്ടെന്നും മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടെന്നും ഉറപ്പു വരുത്തി. ജനാധിപത്യ സംവിധാനത്തിലധിഷ്ഠിതമായ ബഹുസ്വര സമൂഹത്തിലെ ഇസ്‌ലാമിന്റെ രാഷ്ട്രീയ പ്രതിനിധാനം സാമൂഹിക നീതിയിലും പൊതു മാനവിക മൂല്യങ്ങളിലും അധിഷ്ഠിതമായ ക്ഷേമരാഷ്ട്രം ആയിരിക്കുമെന്ന് സച്ചരിതരായ ഖലീഫമാരുടെ ചരിത്രം മുമ്പിൽവെച്ച് മനസ്സിലാക്കാവുന്നതേയുള്ളൂ. അത് രാജ്യത്തെ മുഴുവൻ പൗരന്മാരുടെയും ഭക്ഷണം, വസ്ത്രം, താമസം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ പ്രാഥമികാവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുകയും ഏവർക്കും നീതി ലഭ്യമാവുകയും മൗലിക മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന രാഷ്ട്രത്തിന്റെ നിർമിതി ലക്ഷ്യംവെച്ചുള്ള രാഷ്ട്രീയ പ്രവർത്തനമായിരിക്കും. അത് എല്ലാ നല്ല മനുഷ്യർക്കും അംഗീകരിക്കാൻ കഴിയുന്ന പൊതു മാനവിക മൂല്യങ്ങളിലും ധാർമിക നിയമങ്ങളിലും അധിഷ്ഠിതമായിരിക്കുകയും ചെയ്യും.

## ബഹുജന കൂട്ടായ്മ

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും നന്മക്കും വേണ്ടിയുള്ള ഇസ്‌ലാമിക സമൂ

ഹത്തിന്റെ രാഷ്ട്രീയ ഇടപെടലുകളിൽ സഹോദര സമുദായങ്ങളുടെ പങ്കാളിത്തം മാത്രമല്ല, നേതൃത്വം പോലും സ്വീകരിക്കാമെന്നതിന് മികച്ച ഉദാഹരണം കേരള ചരിത്രത്തിൽ തന്നെയുണ്ട്.

ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ ലോക പ്രശസ്ത പണ്ഡിതനാണ്. മക്കയിൽ ഉപരിപഠനം നടത്തിയ അദ്ദേഹം ഇമാം ജലാലുദ്ദീൻ സുയൂത്വി, സയ്യിദ് അബൂബക്കർ ഹദ്റമി, സയ്യിദ് ഹുസൈൻ ഹൈദറൂസി, ഇമാം അഹ്മദുബ്നു ശംസുദ്ദീൻ പോലുള്ള പണ്ഡിതന്മാരുമായി ബന്ധം സ്ഥാപിക്കുകയുണ്ടായി. തുടർന്ന് ഈജിപ്തിലെ അൽ അസ്ഹർ സർവകലാശാലയിൽനിന്ന് ഹദീസിൽ അവഗാഹം നേടി. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെയോ ഇസ്ലാമിക പ്രതിബദ്ധതയെയോ ഒരാളും നിഷേധിക്കുകയോ ചോദ്യം ചെയ്യുകയോ ഇല്ല.

പോർച്ചുഗീസുകാരുടെ അധിനിവേശത്തിനെതിരെയുള്ള പോരാട്ടത്തിന് ദാർശനിക പശ്ചാത്തലമൊരുക്കിയത് ശൈഖ് സൈനുദ്ദീൻ മഖ്ദൂമാണ്. പോർച്ചുഗീസുകാർ മുസ്ലിംകളെ ലക്ഷ്യം വെച്ചാണ് ആക്രമണങ്ങളഴിച്ചുവിട്ടുകൊണ്ടിരുന്നത്. എന്നിട്ടും അദ്ദേഹം പോർച്ചുഗീസ് അധിനിവേശത്തെ ഒരു മുസ്ലിം പ്രശ്നമാക്കി ചുരുക്കികെട്ടാതെ കേരളത്തിന്റെ പൊതു പ്രശ്നമായി കാണുകയായിരുന്നു. സാമ്രാജ്യത്വ വിരുദ്ധ പോരാട്ടം ജാതി, മത ഭേദമില്ലാതെ എല്ലാവരും കൂട്ടായി നേടത്തേണ്ടതാണെന്ന് ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഉറച്ചു വിശ്വസിച്ചു. അതിനായി ജനങ്ങളെ ബോധവൽക്കരിക്കാൻ നാട്ടിലുടനീളം ചുറ്റി സഞ്ചരിച്ചു. '*തഹ്രീദു അഹ്‌ലിൽ ഈമാൻ അലാ ജിഹാദി അബദതിസ്സുൽബാൻ*' എന്ന ഗ്രന്ഥം തദാവശ്യാർഥം രചിച്ചതാണ്. മുസ്ലിമല്ലാത്ത സാമൂതിരിയുടെ നേതൃത്വത്തിൽ മുസ്ലിംകളും നായർ പടയാളികളും ചേർന്നു നടത്തുന്ന പോർച്ചുഗീസുകാർക്കെതിരായ പോരാട്ടത്തെ ഈ കൃതി മഹത്തായ ജിഹാദായാണ് പരിചയപ്പെടുത്തുന്നത്. ലക്ഷ്യവും മാർഗവും ശരിയും ന്യായവുമാണെങ്കിൽ നേതൃത്വം മുസ്ലിമല്ലാത്തവർക്കാണെങ്കിലും പ്രവർത്തനം ഇസ്ലാമികമായ ജിഹാദായിത്തീരുമെന്നർഥം. അതിൽ മുസ്ലിംകൾ പങ്കാളികളാവണം. അങ്ങനെ ചെയ്യുന്നത് മഹത്തായ പുണ്യകർമവുമാണ് (അവലംബം: *കേരള മുസ്ലിംകൾ അധിനിവേശ വിരുദ്ധ പോരാട്ടത്തിന്റെ പ്രത്യയശാസ്ത്രം*, പുറം: 30,31).

പോർച്ചുഗീസുകാർക്കെതിരെ സാമൂതിരിയുടെ നേതൃത്വത്തിൽ നടന്ന ചാലിയം പോരാട്ടത്തിന്റെ ഗതി തിരിച്ചുവിട്ടത് കോഴിക്കോട്ടെ ഖാദി മുഹമ്മദിന്റെ പിതാവ് ഖാദി അബ്ദുൽ അസീസാണ്. ചാലിയം യുദ്ധത്തിൽ സാമൂതിരിക്ക് പരാജയം സംഭവിച്ചുകൊണ്ടിരിക്കെ അദ്ദേഹം കുറ്റിച്ചിറയിലെ മിശ്കാൽ പള്ളിയിൽ പ്രമുഖരുടെ ഒരു യോഗം വിളിച്ചു. പള്ളിയിലെ ആ സമ്മേളനത്തിൽ സാമൂതിരിയുടെ ഹിന്ദു ഉദ്യോഗസ്ഥരും പങ്കെടുത്തു. ആ യോഗതീരുമാനമാണ് ചാലിയം പോരാട്ടത്തെ വിജയത്തിലെത്തിച്ചത്. ഹിന്ദുക്കളും മുസ്ലിംകളും കൂട്ടായി നടത്തിയ ആ ജിഹാദിന്റെയും അതിന്റെ വിജയത്തിന്റെയും കഥയാണ് ഖാദി മുഹമ്മദ് തന്റെ '*ഫത്ഹുൽ മുബീൻ*' എന്ന യുദ്ധകാവ്യത്തിൽ പ്രതിപാദിക്കുന്നത്.

നമ്മുടേതു പോലുള്ള ഒരു ബഹുമത സമൂഹത്തിൽ ഇസ്ലാമിന്റെ രാഷ്ട്രീയ പ്രതിനിധാന യത്നങ്ങളിൽ ജാതി, മത, സമുദായാതീതമായ കൂട്ടായ്മയാണ് ഉണ്ടാവേണ്ടതെന്ന് ഇത്തരം മുൻകാല മാതൃകകൾ സാക്ഷ്യപ്പെടുത്തുന്നു. ■